## കേരള സർക്കാർ
### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – വികേന്ദ്രീകൃതാസൂത്രണം – കാഴ്ചയില്ലാത്തവർക്ക് ടോക്കിംഗ് സോഫ്റ്റ്‌വെയർ സ്ഥാപിച്ച കമ്പ്യൂട്ടർ സൗകര്യം ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.ബി)വകുപ്പ്**

സ.ഉ.(സാധാ)നം.2602/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 06.08.2010

---

പരാമർശം:1. കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് ജനറൽ സെക്രട്ടറിയുടെ 28.12.2009–ലെ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 27.01.2010–ലെ ജെ.1.367/2010 നമ്പർ കത്ത്

3. ഇൻഫർമേഷൻ കേരള മിഷൻ, എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടറുടെ 25.03.2010–ലെ ഐ.കെ.എം/എസ്റ്റാ/506/വോള്യം 3/2010/1354 നമ്പർ കത്ത്

4. കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 28.06.2010 –ലെ യോഗത്തിലെ 2.41 നമ്പർ തീരുമാനം

## ഉത്തരവ്

കാഴ്ചയില്ലാത്തവർക്ക് പ്രവർത്തിപ്പിക്കാൻ കഴിയുന്ന ടോക്കിംഗ് സോഫ്റ്റ്‌വെയർ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടർ സിസ്റ്റം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കണമെന്ന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ജനറൽ സെക്രട്ടറി പരാമർശം ഒന്നിലെ കത്തു പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ കാഴ്ചയില്ലാത്തവർക്ക് പ്രയോജനപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തു കളുടെയും നഗരസഭകളുടെയും വാർഷിക പദ്ധതിയുടെ ഭാഗമായി കാഴ്ചയില്ലാത്തവർക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി കമ്പ്യൂട്ടർ സൗകര്യം ലഭ്യമാക്കുവാൻ അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

1. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെയാകണം ഈ പരിപാടി നടപ്പാക്കേണ്ടത്.
2. കമ്പ്യൂട്ടർ, ആപ്ലിഫൈഡ് സ്പീക്കർ, സ്കാനർ, യു.പി.എസ് എന്നിവ ചേർന്ന ഒരു സിസ്റ്റം ആയിരിക്കണം ലഭ്യമാക്കേണ്ടത്. കമ്പ്യൂട്ടർ, സ്കാനർ എന്നിവയുടെ സ്പെസിഫിക്കേഷൻ തദ്ദേശഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടറൈസേഷന് നിശ്ചയിച്ചിട്ടുള്ളത് പ്രകാരമായിരിക്കണം. 600 VA ശേഷിയുള്ള യു.പി.എസ്. ആയിരിക്കണം ലഭ്യമാക്കേണ്ടത്. ആപ്ലിഫൈഡ് സ്പീക്കർ മികച്ച ഗുണമേന്മ ഉള്ളതായിരിക്കണം.
3. ഒരു കുടുംബത്തിൽ ഒന്നിലേറെ കാഴ്ചയില്ലാത്തവർ ഉണ്ടെങ്കിലും ഒരു കമ്പ്യൂട്ടർ സംവിധാനം ലഭ്യമാക്കിയാൽ മതിയാകും.
4. കമ്പ്യൂട്ടറിൽ സ്ഥാപിക്കുന്നതിനുള്ള ടോക്കിംഗ് സോഫ്റ്റ്‌വെയർ കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.
5. ഗുണഭോക്താവിന് പരിശീലനം നൽകേണ്ട ഉത്തരവാദിത്വം കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിനായിരിക്കും. ഗുണഭോക്താവിന് ടോക്കിംഗ് സോഫ്റ്റ്‌വെയറും പരിശീലനവും സൗജന്യമായി നൽകുന്നത് സംബന്ധിച്ച് ഈ സ്ഥാപനവുമായി തദ്ദേശഭരണ സ്ഥാപനം വ്യക്തമായ ധാരണ ഉണ്ടാക്കിയതിനുശേഷം മാത്രമേ പ്രോജക്ടിന്റെ നിരവഹണം ആരംഭിക്കാൻ പാടുള്ളൂ.

6. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് വൈദ്യുതി ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കാമെന്നും വാറണ്ടി തീരുന്ന മുറയ്ക്ക് വാർഷിക അറ്റകുറ്റപ്പണി കരാർ (AMC) എടുത്ത് പരിപാലിക്കാമെന്നും ഗുണഭോക്താക്കളിൽ നിന്നും സമ്മതപത്രം വാങ്ങേണ്ടതാണ്.

7. മുകളിൽ പ്രതിപാദിച്ച സ്പെസിഫിക്കേഷൻ പ്രകാരം ലഭ്യമാക്കുന്ന കമ്പ്യൂട്ടർ സംവിധാനത്തിനുള്ള ചെലവിന്റെ 75 ശതമാനം; പരമാവധി 19,500 രൂപ സബ്സിഡിയായി അനുവദിക്കാവുന്നതാണ്. ബാക്കി തുക ഗുണഭോക്തൃ വിഹിതമായി ശേഖരിക്കണം. ഗുണഭോക്തൃ വിഹിതം സ്വന്തമായി കണ്ടെത്താൻ കഴിയാത്ത ഗുണഭോക്താക്കളെ സംബന്ധിച്ചിടത്തോളം സ്പോൺസർഷിപ്പിലൂടെ വിഹിതം കണ്ടെത്തുന്നതിന് തദ്ദേശഭരണ സ്ഥാപനം ശ്രമിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
5 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
6 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
7 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
8 ജനറൽ സെക്രട്ടറി, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്, കുന്നുകുഴി, തിരുവനന്തപുരം
9 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
10 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
11 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
12 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
14 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ